പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7948 24.07.2012 ൽ മറുപടിയ്ക്ക്

## കെ.എസ്.ഇ.ബി.യിൽ സിസ്റ്റം ചെയിഞ്ചിന്റെ ഭാഗമായുള്ള പരിഷ്കാരങ്ങളും പ്രത്യാഘാതങ്ങളും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) കെ.എസ്.ഇ.ബി.യിൽ സിസ്റ്റം ചെയിഞ്ചിന്റെ ഭാഗമായി നടപ്പിൽ വരുത്തിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണ്; ഇത് പ്രകാരം സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം, വാഹനങ്ങളുടെ ഉപയോഗം എന്നിവയുമായി ബന്ധപ്പെട്ട് നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) കെ.എസ്.ഇ.ബി.യിൽ സിസ്റ്റം ചെയിഞ്ചിന്റെ ഭാഗമായി സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി മോഡൽ സെക്ഷനാഫീസുകൾ ആരംഭിച്ചിട്ടുണ്ട്. സെക്ഷനാഫീസുകൾ മോഡൽ സെക്ഷനുകളായി മാറ്റിയതിനെ തുടർന്ന് താഴെപ്പറയുന്ന അധിക സേവനങ്ങൾ കൂടി ലഭ്യമാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.<br>1.ജീവനക്കാരെ ബ്രേക്ക്ഡൗൺ, മെയിന്റനൻസ് & ക്യാപ്പിറ്റൽ, റവന്യൂ എന്നീ മൂന്ന് വിങ്ങുകളിലായി തരം തിരിച്ച് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കൊണ്ട് ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം.<br>2. രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണി വരെ പണം അടയ്ക്കുവാനുള്ള സൗകര്യം.<br>3.നൂതന ആശയ വിനിമയ സൗകര്യങ്ങൾ.<br>4. എല്ലാവിധ പരാതികളും അപേക്ഷകളും രജിസ്റ്റർ ചെയ്യുന്നതിന് അന്വേഷണ കൗണ്ടർ സംവിധാനം, കൂടാതെ പൊതുജനങ്ങൾക്ക് ടോയ് ലറ്റ് സൗകര്യം, കുടിവെള്ളം എന്നിവ ലഭ്യമാക്കി വരുന്നു. പെർഫോമൻസ് സ്റ്റാന്റേർഡ് എല്ലാ സെക്ഷനുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. |

P..2

5.എല്ലാ മോഡൽ സെക്ഷനോഫീസുകളിലും 24 മണിക്കൂറും വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| (ബി) പ്രസ്തുത പരിഷ്കാരങ്ങൾ പൊതു സമൂഹത്തിനും, ഉപഭോക്താക്കൾക്കും എത്രമാത്രം പ്രയോജനപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (ബി) ഉപഭോക്താക്കളുടെ മാറി വരുന്ന പ്രതീക്ഷയ്ക്കനുസരിച്ച് മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെയ്ക്കുന്നതിന് വേണ്ടിയാണ് കെ.എസ്.ഇ.ബി യിൽ പരീക്ഷണാടിസ്ഥാനത്തിൽ 75 മോഡൽ സെക്ഷനുകൾ ജൂലൈ 2009 മുതൽ നടപ്പിലാക്കിയത്. തുടർന്ന് നവംബർ 2009 ൽ ഈ മോഡൽ സെക്ഷനുകളിലെ ഉപഭോക്താക്കളുടെയും, ജീവനക്കാരുടെയും, മേലുദ്യോഗസ്ഥരുടെയും, മറ്റു സെക്ഷനിലെ ജീവനക്കാരുടെയും ഇടയിൽ ഒരു അഭിപ്രായ സർവ്വേ നടത്തുകയുണ്ടായി. അതിലെ ക്രിയാത്മക നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ടാണ് മോഡൽ സെക്ഷനുകൾ രണ്ടാം ഘട്ടത്തിൽ വ്യാപിപ്പിച്ചത്. ക്യാഷ് കൗണ്ടറുകൾ രാവിലെ 8 മണിമുതൽ വൈകുന്നേരം 6 മണി വരെ ഇടതടവില്ലാതെ പ്രവർത്തിക്കുന്നതും, 24 മണിക്കൂറും പ്രവർത്തിക്കുന്ന വാഹന സൗകര്യത്തോടു കൂടിയ പരാതി പരിഹാര സംവിധാനവും പൊതുവെ സ്വീകാര്യത ലഭിച്ച സംവിധാനങ്ങളാണ്.<br>എന്നാൽ മോഡൽ സെക്ഷനുകളിലൂടെ ലഭ്യമാക്കാനുദ്ദേശിച്ചിട്ടുള്ള സേവനങ്ങൾ ലഭ്യമാകുന്നില്ല എന്ന് ചൂണ്ടിക്കാണിച്ച് പരാതികൾ വിവിധ സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നും ലഭിച്ചു വരുന്നുണ്ട്. ഇവ പരിശോധിച്ച് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ബോർഡ് ഉത്തരവ് No. (FM) Gnl No. 1267/12(AEIV/DPC/Veh/39/10 dt.TVM 4/7/12 പ്രകാരം വാഹന ഉപയോഗ സമയവും ദൂരവും നിയന്ത്രിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ മുൻപത്തേതിൽ നിന്നും വ്യത്യസ്തമായി എന്തൊക്കെ നിയന്ത്രണങ്ങളാണ് ഈ ഉത്തരവിലൂടെ ബോർഡ് പുതുതായി ഏർപ്പെടുത്തിയത്; | (സി) & (ഡി) | സെക്ഷൻ ഓഫീസുകളിൽ വാഹനങ്ങളുടെ ഉപയോഗം സമാന രീതിയിൽ ക്രമീകരിക്കുന്നതിന്റെയും ദുരുപയോഗം തടയുന്നതിന്റെയും ഭാഗമായി സെക്ഷൻ ഓഫീസിന്റെ പരിധിയിലുള്ള ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി, ലൈനുകളുടെ നീളം എന്നിവ കണക്കിലെടുത്ത് വാഹനങ്ങൾ ഉപയോഗിക്കുന്നതിന് പുതിയ മാനദണ്ഡം നിശ്ചയിക്കുക മാത്രമാണ് ബോർഡ് ചെയ്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി വാഹനങ്ങൾക്ക് ദൂരപരിധി നിശ്ചയിച്ചിട്ടുണ്ട്. വാഹന ഉപയോഗ സമയത്തിൽ ഒരു നിയന്ത്രണവും ബോർഡ് ഏർപ്പെടുത്തിയിട്ടില്ല. |
| (ഡി) | പ്രസ്തുത നിയന്ത്രണങ്ങൾ സമൂഹത്തിലും, സെക്ഷൻ ഓഫീസുകളിലും ഉണ്ടാക്കാൻ സാദ്ധ്യതയുള്ള ഗുരുതരമായ പ്രത്യാഘാതങ്ങളെക്കുറിച്ച് ബോർഡ് പഠനം നടത്തിയിട്ടുണ്ടോ; വാഹനത്തിന്റെ സമയ/ദൂര നിയന്ത്രണങ്ങൾ പിൻവലിക്കുവാൻ നടപടി കൈക്കൊള്ളുമോ? | | |

സെക്ഷൻ ഓഫീസർ